**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4996 04-07-2012 ൽ മറുപടിക്ക്**

**<u>മാവോയിസ്റ്റ് സാന്നിദ്ധ്യം</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. ജോസഫ് വാഴക്കൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മാവോയിസ്റ്റ് സാന്നിദ്ധ്യം വർദ്ധിക്കുന്നതായി കേന്ദ്ര സംസ്ഥാന രഹസ്യാന്വേഷണ റിപ്പോർട്ട് ഉണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) സമീപ സംസ്ഥാനങ്ങളിൽ സജീവമായ മാവോയിസ്റ്റുകളുടെ പ്രവർത്തനം സംസ്ഥാന അതിർത്തിക്കുള്ളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതായുള്ള ചില റിപ്പോർട്ടു കൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇവയെ നേരിടാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് ആവിഷ്കരിക്കാനുദ്ദേശി ക്കുന്നത്;<br><br>(സി) ആയതിനായി എന്തെല്ലാം നടപടി കളെടുത്തിട്ടുണ്ട്? | (ബി) & (സി) സംസ്ഥാന പോലീസും വനം വകുപ്പും സംയുക്തമായി ചേർന്ന് ഈ ഭീഷണിയെ ഫലപ്രദമായി നേരിടാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരം പ്രവർത്തനങ്ങളെക്കുറിച്ചുള്ള രഹസ്യ വിവരങ്ങൾ ശേഖരിക്കാൻ സംസ്ഥാന ഇന്റലിജൻസും ഇന്റേണൽ സെക്യൂരിറ്റി വിഭാഗവും നടപടികളെടുക്കുന്നുണ്ട്. അയൽ സംസ്ഥാനങ്ങ ളിലെ പോലീസുമായി ബന്ധപ്പെട്ട് സംയോജിത മായ നടപടികളെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. ആദിവാസി ഗോത്ര വിഭാഗങ്ങൾ മാവോയിസ്റ്റ് പ്രവർത്തകരുടെയും സമാന സംഘ ടനകളുടെയും കപടവാഗ്ദാനങ്ങളിൽ കുടുങ്ങി, നിയമ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരിക്കു ന്നതിനായി സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ ഈ മേഖലകളിൽ ഫലപ്രദ മായി നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്താൻ ആഭ്യന്തരം, വനം, പട്ടിക ജാതി/പട്ടിക വർഗ്ഗ വികസനം, വിദ്യാഭ്യാസം, സിവിൽ-സപ്ലൈസ്, ആരോഗ്യം എന്നീ വകുപ്പുകൾ സംയോജിത ശ്രമങ്ങൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ